# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4492 | 22.07.2015-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

**ചോദ്യം**

ശ്രീ.എളമരം കരീം
ശ്രീ.എം.ഹംസ
ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീ.ബി.സത്യൻ

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് ബ്ലേഡ്/വട്ടിപ്പലിശക്കാർ ഇപ്പോഴും പ്രവർത്തിച്ചുവരുന്നതായി അറിയാമോ ; വായ്പ ആവശ്യക്കാർക്ക് ഇത്തരക്കാരെ ആശ്രയിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (എ) ഓപ്പറേഷൻ കുബേര പദ്ധതി നടപ്പിലാക്കിയതിനു ശേഷം സംസ്ഥാനത്ത് ബ്ലേഡ്/ വട്ടിപ്പലിശക്കാരുടെ പ്രവർത്തനങ്ങൾ കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലളിതമായ വായ്പാ വ്യവസ്ഥയും പെട്ടെന്ന് പണം ലഭിക്കുവാനുള്ള സാഹചര്യവും കാരണമാണ് ഇത്തരക്കാരെ സാധാരണക്കാർ ആശ്രയിക്കുന്നതെന്ന് മനസിലാക്കിയിട്ടുണ്ട്. |
| (ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പ്രഖ്യാപിച്ച ഋണമുക്തി പദ്ധതി തികഞ്ഞ പരാജയമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) അത്തരത്തിലൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കുടുംബശ്രീയും സഹകരണ സംഘങ്ങളും വഴി വായ്പാ ആനുകൂല്യങ്ങൾ നിറവേറ്റാൻ കഴിയുന്ന നിലയിൽ പലിശ സബ്സിഡി തുടക്കത്തിൽ തന്നെ നൽകാൻ നടപടി സ്വീകരിക്കുമോ ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) വൻകിട ബ്ലേഡ് പലിശക്കാരുടെ സ്വാധീനം മൂലം അത്തരക്കാർക്കെതിരെ പരാതി പറയാൻ വായ്പക്കാർ ഭയപ്പെടുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Mahi

സെക്ഷൻ ഓഫീസർ